ഒ.ബി.സി.വിദ്യാർത്ഥികൾക്ക് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

224 (3660) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതിവഴി എന്തെല്ലാം ധനസഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രോഗ്രാമിന്റെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾതലത്തിലും കോളേജ് തലത്തിലും പിന്നോക്ക വിഭാഗങ്ങളുടെ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(സി) പ്രീമെട്രിക് തലത്തിൽ അഡ്ഹോക്ക് ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ ഒറ്റതവണയായി നൽകുന്നു. പോസ്റ്റ് മെട്രിക് തലത്തിൽ അഡ്ഹോക്ക് ഗ്രാന്റ്, സ്റ്റൈഫന്റ് കോഴ്സ് ഫീസ്, മറ്റ് മാൻഡേറ്ററി ഫീസുകൾ എന്നിവ നൽകുന്നു. (നിരക്ക് അനുബന്ധമായി നൽകുന്നു.)*

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി ഓൺലൈനായി അപേക്ഷ ക്ഷണിച്ച് ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് ഐ.ടി. @ സ്കൂൾ വഴിയും ഒ.ബി.സി.പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് വഴിയും നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly